**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4282** **06-03-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി ചരക്ക് കടത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യക്തികൾ അനധികൃതമായി ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വകുപ്പിലെ പുന:സംഘടനയിലൂടെ സംസ്ഥാനത്തുടനീളം 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് ചരക്ക് വാഹനങ്ങളിലെ ബിൽ, ഇ വെ ബിൽ പരിശോധനകളിലൂടെ അനധികൃത ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രൈവറ്റ് ബസുകൾ ട്രയിനുകൾ, യാത്രാ വാഹനങ്ങൾ എന്നിവയിലെ പരിശോധനയും ഊർജിതമാക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്.ഇത് കൂടാതെ 41 ഇന്റലിജൻസ് യൂണിറ്റുകൾ അന്തർ സംസ്ഥാന വെട്ടിപ്പ് നടത്തി കേരളത്തിൽ എത്തിക്കുന്ന ചരക്കുകളെ സംബന്ധിച്ച ഇന്റലിജൻസ് വികസിപ്പിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും കേരളത്തിൽ ഉടനീളം വിന്യസിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നടക്കുന്ന ബി2സി (ബിസിനസ്സ് ടു കസ്റ്റമർ) ഇടപാടുകളിൽ വ്യാപകമായ നികുതി വെട്ടിപ്പുകൾ നടക്കുന്നു എന്നത് വസ്തുതയാണോ; | (ബി) | **ബി2സി ഇടപാടുകളിൽ നികുതി വെട്ടിച്ചതിന് GST വകുപ്പ് കേസ് എടുത്തിട്ടുണ്ട്.** |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യക്തികൾ അനധികൃതമായി ചരക്ക് സംസ്ഥാനത്തേയ്ക്ക് കടത്തുമ്പോൾ ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | മൊബൈൽ ആപ്പ് വഴിയും ഇ വെ ബിൽ ഒഫിഷ്യൽ സൈറ്റ് വഴിയും അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ ക്യാമറ സംവിധാനം ഉപയോഗിച്ചും പരിശോധന നടത്തി നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ